LIBRARY ARCHIVES Kerala Legislative Assembly

അപ്രോച്ച് അണ്ടർപ്പാസ്സിലെ വെള്ളക്കെട്ടുമൂലം അപകടങ്ങൾക്കും വളരെയേറെ സാധ്യതയുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ ഭാഗമായി അവിടെ ശക്തമായ ബഹുജന പ്രക്ഷോഭം ഉയർന്നുവന്നിരിക്കുകയാണ്. ചാലക്കുടിയുടെ വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്നതും യാത്രക്കാർക്ക് ഏറെ സൗകര്യമുള്ളതുമായ ചാലക്കുടി റെയിൽവെ അണ്ടർബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചാലക്കുടി റെയിൽവെ അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡും ഡ്രെയിനേജ് നിർമ്മാണവും പി.ഡബ്ല്യു.ഡി. വകുപ്പാണ് നിർവ്വഹിക്കേണ്ടത്. ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ എ.എസ്. കമ്മിറ്റിയുടെ പരിഗണനയിലാണ്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയതിനു ശേഷമേ റോഡ് പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയ സ്ഥിതിക്ക് അതിലേക്കുള്ള ചട്ടങ്ങൾ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിക്കേണ്ടതുണ്ട്. പുതിയ നിയമം അനുസരിച്ച് വേണം റോഡിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുവാൻ. എ.എസ്. കമ്മിറ്റി ഈ വിഷയം പരിഗണിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ഇരട്ടച്ചിറ കോവിലകം പുരാവസ്തു വകുപ്പ് ഏറ്റെടുക്കൽ

ശ്രീ തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഇരട്ടച്ചിറ കോവിലകം ചരിത്രം ഉറങ്ങുന്ന ഒരു പൈതൃകമാണ്. ഏതാണ്ട് 400-ഓളം കൊല്ലം പഴക്കമുള്ളതും ശക്തൻ തമ്പുരാൻ താമസിച്ചുവെന്ന് പറയപ്പെടുന്ന കൊട്ടാരം ഏതോ ഒരു കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിന്റെ ആഫീസിനായി ഒരു പോർഷൻ കൊടുത്തു. പിന്നീട് അവർ സ്വന്തം സ്ഥലത്തേയ്ക്ക് പോയി. ഇപ്പോൾ ഇതിനോടനുബന്ധിച്ച് മെഡിക്കൽ കോർപ്പറേഷൻ വലിയൊരു ഷെഡുണ്ടാക്കി അവിടെ മരുന്നുകൾ സംഭരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ ഭൂരിഭാഗം സ്ഥലവും അവർ ഉപയോഗിക്കുന്നില്ല. അത് നാശപ്പെട്ടുകൊണ്ടിരിക്കുകയും ജീർണ്ണാവസ്ഥയിലുമാണ്. സാംസ്കാരിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഈ കാര്യം പെടുത്തുകയും അദ്ദേഹം വന്നു പരിശോധിച്ചു കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടിട്ടുമുണ്ട്. ഉദ്യോഗസ്ഥൻമാരും സ്ഥലത്ത് വന്ന് പരിശോധിച്ചു. അതുകൊണ്ട് കഴിയുന്നതുംവേഗം പുരാവസ്തു വകുപ്പ് അത് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ട ഒരു തീരുമാനമെടുക്കണം. ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട ആളുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബഹുമാനപ്പെട്ട ശ്രീ തേറമ്പിൽ രാമകൃഷ്ണൻ അവകാശപ്പെട്ട പ്രകാരം തൃശ്ശൂരിലെ ഇരട്ടച്ചിറ കോവിലകം ഞാനും ആർക്കിയോളജിക്കൽ വകുപ്പ് ഡയറക്ടറും ശ്രീ. തേറമ്പിൽ രാമകൃഷ്ണനുംകൂടി സന്ദർശിച്ചിരുന്നു. പെരുമ്പടപ്പ് ദൃശ്യരൂപത്തിന്റെ തൃശ്ശൂരിലുള്ള ആദ്യകാല ആസ്ഥാന മന്ദിരമായിരുന്ന ഇരട്ടച്ചിറ കോവിലകം. പെരുംപടപ്പ് മഹാരാജാവ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് പെരുമ്പടപ്പ് ഗംഗാധര തൃക്കോവിൽ അധികാരികൾ എന്നായിരുന്നു. പെരുമ്പടപ്പ് രാജാവിന്റെ കൂട്ട് അധികാരികൾ എന്ന നിലയ്ക്ക് കേരളത്തിലെ പ്രമുഖ ക്ഷേത്രങ്ങളുടെ അധികാരമുണ്ടായിരുന്നു. ഇരട്ടച്ചിറ കോവിലകം രണ്ട് നിലകളുള്ള ഒരു കൊട്ടാര മന്ദിരമാണ്. 1700 കാലഘട്ടങ്ങളിൽ നിർമ്മിച്ച ഈ കോവിലകം ബംഗ്ലാവ് മാതൃകയിലാണ്. ആദ്യകാലത്ത് ഇവിടെ തറയിൽ പാകിയിരുന്നത് വിലയേറിയ ഇറ്റാലിയൻ ടൈൽസായിരുന്നു. പിന്നീട് അത് പൊളിച്ചുമാറ്റി സിറാമിക് ടൈൽസ് പാകിയിരിക്കുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ഇപ്പോൾ ജില്ലാ ഡ്രഗ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒന്നാം നില ഉപയോഗിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുമായി ആലോചിച്ചശേഷം ഒന്നാം നില ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. അത് ഏറ്റെടുത്ത് അവിടെ പ്രത്യേകമായി സംരക്ഷിക്കാനും അതിനുപുറമെ ഈ കോവിലകം ഒന്നായിതന്നെ സംരക്ഷക സ്മാരകമാക്കുന്നതിനാവശ്യമായ കാര്യങ്ങൾ കളക്ടറോട് ചോദിച്ചിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹവും ആരോഗ്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ആളുകളുടെ യോഗം വിളിച്ചുകൂട്ടി നടപടി എടുക്കുന്നതാണ്.

12.00 Noon

(5) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെയും കളക്ടറേറ്റുകളുടെയും താലൂക്ക് ഓഫീസുകളുടെയും പരിസരത്ത് വിവിധ കേസ്സുകളിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങളും അതിലെ ഉപയോഗപ്രദമായ സാധനങ്ങളും ആർക്കും ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ നശിച്ച് പോകുന്നതിന് പരിഹാരം കാണണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പോലീസ് പിടിച്ചെടുക്കുന്ന ഇത്തരം വാഹനങ്ങളും അതിലെ സാധനങ്ങളും ആർക്കും പ്രയോജനമില്ലാതെ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഖജനാവിലേയ്ക്ക്